REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി, വൈകീട്ട് ന്യൂഡൽഹിയിൽ 11-ാമത് റെയ്സിന ഡയലോഗ് ഉദ്ഘാടനം ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബും ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച തുടരുന്നു.**
- **സംസ്ഥാനത്ത് ഈ വർഷത്തെ SSLC - ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷകൾക്ക്  തുടക്കമായി.**
- **നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വൈകീട്ട് കൊച്ചിയിലെത്തും.**
- **10 സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി വൈകീട്ട് ന്യൂഡൽഹിയിൽ 11-ാമത് റെയ്സിന ഡയലോഗ് ഉദ്ഘാടനം ചെയ്യും. ഫിൻലൻഡ് പ്രസിഡന്റ് ഡോ. അലക്സാണ്ടർ സ്റ്റബ്, ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തും. "സംസ്കാരം - ഉറപ്പ്, താമസം, പുരോഗതി" എന്നതാണ് ഈ വർഷത്തെ പ്രമേയം.  110 രാജ്യങ്ങളിൽ നിന്ന് 2,700 ഓളം പ്രതിനിധികൾ റെയ്സിന ഡയലോഗിൽ പങ്കെടുക്കും.

ലോകത്തെ ദശലക്ഷക്കണക്കിന് ആളുകൾക്ക് വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടപടി ക്രമങ്ങൾ കാണാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫിൻലൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബും തമ്മിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്താൻ ന്യൂഡൽഹിയിൽ ചർച്ച തുടരുന്നു. ബഹുമുഖ വേദികളിലെ സഹകരണം ഉൾപ്പെടെ പരസ്പര താൽപ്പര്യ ആഗോള വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ പരസ്പരം കൈമാറും. ചർച്ചയ്ക്കു ശേഷം നിരവധി ധാരണാ പത്രങ്ങളിലും ഒപ്പുവയ്ക്കും.

ഫിൻലൻഡ് പ്രസിഡന്റിനോട് ആദരസൂചകമായി നരേന്ദ്രമോദി അദ്ദേഹത്തിന് ഇന്ന് ഉച്ചവിരുന്നും നൽകും. നാല് ദിവസത്തെ ഇന്ത്യ സന്ദർശനത്തിന്, അലക്സാണ്ടർ സ്റ്റബ് ഇന്നലെയാണ് ന്യൂഡൽഹിയിൽ എത്തിയത്.

പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചക്കു ശേഷം അലക്സാണ്ടർ സ്റ്റബ് രാഷ്ട്രപതി ഭവനിൽ, രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കാണും. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും അദ്ദേഹത്തെ സന്ദർശിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്ന് ആരംഭിച്ച SSLC പരീക്ഷയിൽ 3,031 പരീക്ഷാ കേന്ദ്രങ്ങളിൽ, നാലു ലക്ഷത്തി പതിനേഴായിരത്തിലധികം വിദ്യാർത്ഥികൾ പരീക്ഷ എഴുതി. ലക്ഷദ്വീപിലെ 9 കേന്ദ്രങ്ങളിൽ, 380 ലധികം വിദ്യാർത്ഥികളും പരീക്ഷ എഴുതി. ഈ മാസം മുപ്പതിനാണ് പരീക്ഷ അവസാനിക്കുക. SSLC പരീക്ഷാ മൂല്യ നിർണയ ക്യാമ്പുകൾ അടുത്ത മാസം ഏഴു മുതൽ 28 വരെയാണ്. മെയ് മൂന്നാം വാരത്തിൽ പരീക്ഷാ ഫലം പ്രഖ്യാപിക്കും.

ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷകളും നടത്തി. രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷകൾ നാളെ തുടങ്ങും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വൈകീട്ട് കൊച്ചിയിലെത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും.

ഇന്ന് വൈകിട്ട് അദ്ദേഹം എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ട് സന്ദർശിക്കും. നാളെയും, മറ്റന്നാളുമായി കൊച്ചിയിലെ ഗോശ്രീ പാലം, ദർബാർ ഹാൾ ഗ്രൗണ്ട്, മറൈൻ ഡ്രൈവ്, ചീനവല പാലം, ചെറായി ബീച്ച്, മ്യൂസിക്കൽ വാക്ക് വേ എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിക്കും. തുടർന്ന്, കന്നി വോട്ടർമാരുമായി സംവദിക്കും.

✪✪✪

സംസ്ഥാനത്ത് മുന്നണികളും പാർട്ടികളും നിയമസഭാ സീറ്റ് വിഭജന ചർച്ചയ്ക്ക് വേഗം കൂട്ടി. തിരഞ്ഞെടുപ്പ് തീയ്യതി പ്രഖ്യാപിച്ചാൽ ഉടൻ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കാൻ LDF തീരുമാനിച്ചതോടെ UDF ഉം ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കാൻ ഒരുങ്ങുകയാണ്. ഔദ്യോഗിക പ്രഖ്യാപനം ആയില്ലെങ്കിലും CPIM ഉം CPI യും സ്ഥാനാർത്ഥി പട്ടികയ്ക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞു. LDF കേരള കോൺഗ്രസ് M യുമായി വരും ദിവസങ്ങളിൽ അവസാന വട്ട ചർച്ച നടത്തും.

UDF ലാകട്ടെ മുസ്ലീം ലീഗുമായി സീറ്റ് വിഭജന ചർച്ച കോൺഗ്രസ് ഏതാണ്ട് പൂർത്തിയാക്കി കഴിഞ്ഞു. മുന്നണിയിലെ മറ്റൊരു ഘടകകക്ഷിയായ RSP യുടെ നാല് സീറ്റുകളിലും ധാരണയായി. CMP യും സ്ഥാനാർത്ഥികളെ തീരുമാനിച്ചതായാണ് റിപ്പോർട്ട്. രണ്ട് ദിവസത്തിനകം സ്ഥാനാർത്ഥികളുടെ ലിസ്റ്റുമായി KPCC നേതാക്കൾ ചർച്ചകൾക്കായി ഡൽഹിയ്ക്ക് പോകും.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിൽ പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷങ്ങളും, രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണ വിഷയമാകുന്നു. ഇറാന് അനുകൂലമായി ഇടതുപക്ഷ സൈബർ ഇടങ്ങളിൽ വരുന്ന അനുകൂല പ്രതികരണം, പ്രീണന രാഷ്ട്രീയമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി.

അമേരിക്കയുടെയും ഇസ്രായേലിന്റെയും യുദ്ധക്കൊതിക്കെതിരെ നാളെ മുതൽ LDF ന്റെ നേതൃത്വത്തിൽ, സംസ്ഥാനത്ത് യുദ്ധവിരുദ്ധ ബഹുജന റാലി സംഘടിപ്പിക്കുമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പറഞ്ഞു. തിരഞ്ഞെടുപ്പിന് മുൻപ് പ്രവാസി സമൂഹത്തിന്റെ മനസ്സറിഞ്ഞ് വോട്ടു സമാഹരണം കൂടി ലക്ഷ്യമിട്ടാണ് LDF ന്റെ റാലി എന്നാണ് വിമർശകരുടെ അഭിപ്രായം.

✪✪✪

തമിഴ്നാട്ടിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് 28 സീറ്റുകളിൽ മത്സരിക്കുമെന്ന് തമിഴ്നാട് TCC പ്രസിഡന്റ് K സെൽവ പെരുന്തഗൈ പറഞ്ഞു. DMK യുമായി നടത്തിയ ചർച്ചയിൽ 28 നിയമസഭാ സീറ്റുകളും, ഒരു രാജ്യ സഭാ സീറ്റും കോൺഗ്രസിന് നൽകാൻ തീരുമാനമായതായി അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ചർച്ചയിൽ DMK പ്രസിഡന്റും മുഖ്യമന്ത്രിയുമായ MK സ്റ്റാലിനും പങ്കെടുത്തതായി സെൽവ പെരുന്തഗൈ പറഞ്ഞു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് പ്രതിപക്ഷ നേതാവ് V.D സതീശൻ നയിക്കുന്ന പുതുയുഗ യാത്ര, മറ്റന്നാൾ തിരുവനന്തപുരത്ത് സമാപിക്കും. സമാപന സമ്മേളനത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പങ്കെടുക്കുന്നുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് രാഹുൽഗാന്ധിയുടെ സാന്നിധ്യത്തിൽ UDF നേതൃത്വം, അന്തിമരൂപം നൽകും. ഘടകകക്ഷി നേതാക്കൾ രാഹുൽഗാന്ധിയെ കണ്ട് സംസ്ഥാനത്തെ രാഷ്ട്രീയ സ്ഥിതിഗതി ചർച്ച ചെയ്തേക്കും.

✪✪✪

ഇസ്രയേലും യുഎസും ഇറാനിയൻ ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചാൽ, ഇസ്രായേലിന്റെ ഡിമോണ ആണവ കേന്ദ്രം ലക്ഷ്യമിടുമെന്ന് ഇറാൻ അറിയിച്ചു. ഇറാന്റെ അടുത്ത പരമോന്നത നേതാവായി ആരെ തിരഞ്ഞെടുത്താലും അവരെ ഉന്മൂലനം ചെയ്യുമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രിയുടെ മുന്നറിയിപ്പിനെ തുടർന്നാണ് ഇറാന്റെ മറുപടി.

അതേസമയം, ഇറാൻ ആക്രമണം ശക്തമാക്കിയതായും ഇറാനിൽ നിന്ന് ഇസ്രായേലിലേക്ക് നിരവധി മിസൈലുകൾ വിക്ഷേപിച്ചതായും ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സാഹചര്യം കണക്കിലെടുത്ത് ടൊറന്റോ, ഫ്രാങ്ക്ഫർട്ട്, പാരീസ് എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ നടത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചു. ഇന്ന് മുതൽ ഈ മാസം 11 വരെ, ഡൽഹിക്കും ടൊറന്റോയ്ക്കും ഇടയിൽ 3 അധിക വിമാനങ്ങളാണ് സർവീസ് നടത്തുക. ഡൽഹിക്കും ഫ്രാങ്ക്ഫർട്ടിനും ഇടയിൽ മൂന്ന് വിമാനങ്ങളും, ഈ മാസം 7 മുതൽ 10 വരെ ഡൽഹിക്കും പാരീസിനും ഇടയിൽ ഒരു വിമാനവും സർവീസ് നടത്തുമെന്നും എയർ ഇന്ത്യ അറിയിച്ചു.

UAE യിലെ റാസ് അൽ ഖൈമയിൽ നിന്ന് ഡൽഹി, കൊച്ചി, മുംബൈ എന്നിവിടങ്ങളിലേക്ക് ശനിയാഴ്ച വരെ പ്രത്യേക സർവീസ് ഉണ്ടായിരിക്കും. ഇന്ന് മസ്കറ്റിലേക്കും തിരിച്ചും സർവ്വീസുകൾ തുടരുമെന്നും മസ്കറ്റ് - ഡൽഹി, മസ്കറ്റ് - മുംബൈ അധിക സർവീസുകളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും എയർ ഇന്ത്യ വ്യക്തമാക്കി.

✪✪✪

സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയൻ, പാലക്കാട് DHQ, പൊലീസ് അക്കാദമി എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ 330 സേനാംഗങ്ങളുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡ് തിരുവനന്തപുരത്ത്

നടത്തി. പേരൂർക്കട സ്പെഷ്യൽ ആംഡ് പൊലീസ് പരേഡ് ഗ്രൗണ്ടിൽ, സംസ്ഥാന പൊലീസ് മേധാവി രവഢ ചന്ദ്രശേഖർ അഭിവാദ്യം സ്വീകരിച്ചു. പരിശീലനത്തിൽ മികവ് തെളിയിച്ചവർക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു.

✪✪✪

ഒഡീഷ മുൻ മുഖ്യമന്ത്രി ബിജു പട്നായിക്കിന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഒഡീഷയുടെ പുരോഗതി വർദ്ധിപ്പിക്കുന്നതിന് ബിജു പട്നായിക്കിന്റെ സംഭാവനകൾ പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ അനുസ്മരിച്ചു.

✪✪✪

10 സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെയാണ്. മാർച്ച് 9 വരെയാണ് നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ അവസരം. മാർച്ച് 16 നാണ് വോട്ടെടുപ്പ്. അന്നു തന്നെ ഫലങ്ങളും പ്രഖ്യാപിക്കും.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിയിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. മുംബൈയിൽ വൈകിട്ട് ഏഴിനാണ് മത്സരം. ഇന്നത്തെ മത്സരത്തിലെ വിജയികൾ ഞായറാഴ്ച അഹമ്മദാബാദിൽ, ഫൈനലിൽ ന്യൂസിലാൻഡുമായി ഏറ്റുമുട്ടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ, ഗോവയെ നേരിടും. വൈകീട്ട് 5 ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണ ചിലവിന്റെ പകുതി വഹിക്കണമെന്ന കേന്ദ്രഗവണ്മെന്റ് നിർദ്ദേശം, കേരളം അംഗീകരിച്ചതോടെ പദ്ധതിക്ക് പുതുജീവൻ കൈവന്നു. സാമ്പത്തിക തർക്കങ്ങൾ പരിഹരിക്കപ്പെട്ടതിനെ തുടർന്ന് റെയിൽവേ മന്ത്രാലയം നടപടികൾ വേഗത്തിലാക്കി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.....

......(വോയ്സ്)

ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലെ ഗതാഗത സൗകര്യങ്ങളിൽ വലിയ കുതിപ്പുണ്ടാകും.

ഇതിലൂടെ ടൂറിസം - കാർഷിക രംഗത്തിനൊപ്പം തീർത്ഥാടന മേഖലയിലും വൻ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്. ഗ്രാമീണ മേഖലകളിലെ റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഒട്ടനവധിയാളുകൾക്ക് പുതിയ വരുമാന മാർഗ്ഗങ്ങൾ തുറക്കും.

ബൈറ്റ്: ജിജോ പനച്ചിനാനി (സാമൂഹിക പ്രവർത്തകൻ)

ആകെ 3,800 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ പകുതി തുകയായ 1,900 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കും. പദ്ധതിക്കായി മൂന്ന് ജില്ലകളിൽ നിന്ന് 305.71 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ ഭരണാനുമതിയും നൽകി. ഇതുമായി ബന്ധപ്പെട്ട നടപടികൾ തുടങ്ങി കൃത്യമായ നഷ്ടപരിഹാര പാക്കേജ് വേഗത്തിൽ ലഭ്യമാകുമെന്നാണ് ഭൂമി വിട്ട് നൽകുന്നവരുടെ പ്രതീക്ഷ.

ബൈറ്റ്: സി.എച്ച് സാബു, കരിങ്കുന്നം (ഭൂമി വിട്ടുനൽകുന്നയാൾ)

പി.ടി.സി

പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ ശബരി റെയിൽ പാത യാഥാർത്ഥ്യത്തിലേക്ക് അടുക്കുമ്പോൾ, അത് ഇടുക്കിയുടെയും മധ്യകേരളത്തിന്റെയും സാമ്പത്തിക ഭൂപടം തന്നെ മാറ്റിവരയ്ക്കുമെന്ന് ഉറപ്പാണ്. തടസ്സങ്ങൾ നീങ്ങി ട്രെയിൻ കൂവിപ്പായുന്നത് കാണാനായി മധ്യകേരളമൊന്നാകെയാണ് കാത്തിരിക്കുന്നത്.

✪✪✪

ഇന്ന് അന്താരാഷ്ട്ര നിരായുധീകരണ വ്യാപന വിരുദ്ധ ബോധവത്കരണ ദിനം. ആഗോളതലത്തിൽ സമാധാനവും, സുരക്ഷയും കൈവരിക്കാൻ ആയുധ വ്യാപനം തടയണമെന്ന് പൊതുജനത്തെ ബോധവത്കരിക്കുകയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

തൊണ്ടി മുതൽ തിരിമറിക്കേസിലെ ശിക്ഷാവിധി മരവിപ്പിക്കണം എന്നാവശ്യപ്പെട്ട് മുൻമന്ത്രി ആന്റണി രാജു നൽകിയ ഹർജി, ഹൈക്കോടതി നാളെ പരിഗണിച്ചേക്കും. തൊണ്ടി മുതലിൽ മാറ്റം വരുത്തിയത് ആരാണ് എന്നതിൽ ഉൾപ്പെടെ വ്യക്തത തേടിയാണ് ജസ്റ്റിസ് C ജയചന്ദ്രൻ, കേസ് മാറ്റി വെച്ചത്.

✪✪✪

സംസ്ഥാനത്ത് അൾട്രാവയലറ്റ് സൂചിക ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ മുൻകരുതൽ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. തുടർച്ചയായി കൂടുതൽ സമയം വെയിൽ ഏൽക്കുന്നത് സൂര്യാതപത്തിനും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുമെന്നും അതോറിറ്റി അറിയിച്ചു.

✪✪✪

സ്വർണ്ണവില ഇന്നും കുറഞ്ഞു. പവന് 720 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 19,920 ലെത്തി. 14,990 രൂപയാണ് ഗ്രാമിന്.

✪✪✪

കോഴിക്കോട് കുന്ദമംഗലം നിയോജക മണ്ഡലത്തിലെ, മാവൂരിൽ അനുവദിച്ച അഗ്നിസുരക്ഷാ കേന്ദ്രം വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ നാടിന് സമർപ്പിക്കും. മാവൂർ ബസ് സ്റ്റാൻഡ് പരിസരത്ത് സംഘടിപ്പിക്കുന്ന ചടങ്ങിൽ PTA റഹീം MLA അധ്യക്ഷനാകും.

MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 40 ലക്ഷം രൂപയും, ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് നാല് ലക്ഷം രൂപയും വ്യാപാരി വ്യവസായികൾ നൽകിയ രണ്ട് ലക്ഷം രൂപയും വിനിയോഗിച്ചാണ് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയത്.

✪✪✪

ആനക്കാംപൊയിൽ - മേപ്പാടി തുരങ്കപാതയുടെ ഒന്നാംഘട്ട പാറ തുരക്കലിന്റെ സ്വിച്ച് ഓൺ കർമ്മം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. രാവിലെ മറിപ്പുഴ പദ്ധതി പ്രദേശത്താണ് ചടങ്ങ്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പ്രവേശനം പാസ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്കായി മുത്തപ്പൻപുഴ LP സ്കൂളിൽ തത്സമയ സംപ്രേഷണം ഉണ്ടാകും. പരിപാടിയിൽ മന്ത്രി P.A മുഹമ്മദ് റിയാസ് അധ്യക്ഷനാകും.

✪✪✪

*News Editor ശ്രുതി എം*
*News Reader: സബിത കെ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*